എടുത്തത്. മറ്റു കോർപ്പറേഷനുകളിലെയും നിയമനം വിടുന്നതിന പ്രത്യേകമായ നിഗമനമൊന്നും ആ കാര്യത്തിൽ ഇല്ല. പി.എസ്.സി. ക്ക് വിടുന്നതിന് ഉള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിനി ടയിൽത്തന്നെ കോർപ്പറേഷനുകളിലും കമ്പനികളിലും നിയമനം നടത്തുവാൻ പാടില്ലെന്ന് പറഞ്ഞുകൊണ്ട് ഗവൺമെൻറ് നിർദ്ദേശം നൽകുന്നുണ്ട്. അത്യാവശ്യമായി ഏതെങ്കിലും കോർപ്പറേഷനുകളിൽ ഇടക്കാലത്ത് നിയമനം നടത്തിയാൽത്തന്നെ പി.എസ.സി. യുടെ കാൻഡിഡേറ്റ് വരുന്നതുവരെ ആ നിയമനം നിലനിൽക്കുകയുള്ളൂവെന്നു കാണിച്ച് ഗവൺമെൻറ് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ : മുൻ ഗവൺമെൻറ് തീരുമാനിച്ചതാണെന്ന് ആധികാരികമായി പറയുമ്പോൾ അതിന്റെ ഉത്തരവാദിത്വം ബഹുമാനപ്പെട്ട മെമ്പർ ഏറ്റെടുക്കേണ്ടതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മുൻ ഗവൺമെൻറിന്റെ കാലം മുതൽ പറഞ്ഞുവന്നതാണ്.

ശ്രീ. ടി. എ. മജീദ് : കഴിഞ്ഞ പത്തു മുപ്പതു മാസക്കാലമായി പി.എസ്.സി.യെ മറന്നു പോയിരുന്ന ആളുകൾ നിയമനങ്ങളെല്ലാം അടിയന്തിരമായി പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടണമെന്നു പറഞ്ഞ സ്ഥിതിയ്ക്ക് കഴിയും വേഗം എല്ലാ കോർപ്പറേഷൻസുകളിലെ നിയമനങ്ങളും പബ്ലിക്ക് സർവ്വീസ് കമ്മീഷനു വിടുവാനുള്ള നടപടി എടുക്കുമോ?

ശ്രീ. പി. രവീന്ദ്രൻ: ആ നടപടികൾ മിക്കവാറും പൂർത്തിയായിരിക്കുകയാണ്. ഉടനെ തന്നെ വിട്ടുകൊടുക്കുന്നതിന് നടപടി എടുക്കും.

ശ്രീ. ഇ. ബാലാനന്ദൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷന് വിടാത്ത രണ്ടു കോർപ്പറേഷനുകൾ എത്ര നാളിനുള്ളിൽ വിടുമെന്നു പറയുവാൻ ഭയവുണ്ടാകുമോ?

ശ്രീ. പി. രവീന്ദ്രൻ: ഈ നടപടികൾ പൂർത്തിയാകും വരെ കോർപ്പറേഷനിൽ നിയമനം നടത്താൻ പാടില്ലെന്നും നടത്തിയാൽത്തന്നെ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നോമിനി വരുമ്പോൾ അവർ പുറത്തു പോകുമെന്നും ഗവൺമെൻറ് ഉത്തരവ് നൽകുന്നുണ്ട്.

Obituary Reference

9 A. M.

മി. സ്പീക്കർ: ആർഡർ, ആർഡർ. രാജ്യസഭാംഗമായിരുന്ന ശ്രീ. തഴവാ കേശവനും തിരുവിതാംകൂർ—കൊച്ചി നിയമസഭാംഗമായിരുന്ന ശ്രീ എം.ചിദംബരനാഥനാടാരും നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

നിറപ്പകിട്ടാർന്ന വ്യക്തിത്വം കൊണ്ട് കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ഒരു മഹാനെയാണ് ശ്രീ. തഴവാ കേശവന്റെ നിര്യാണം മൂലം നമുക്കു നഷ്ടമായിരിക്കുന്നത്. ആത്മാർത്ഥതയും നിഷ്കളങ്കതയും അദ്ദേഹത്തിന്റെ ഗുണവിശേഷങ്ങളായിരുന്നു. പണ്ഡിതനായ നിയമജ്ഞൻ, നിസ്വാർത്ഥനായ സാമൂഹ്യപ്രവർത്തകൻ, ആദർശധീരനായ രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ അദ്ദേഹം ഏവർക്കും പ്രിയംകരനായിരുന്നു. അവശ വിഭാഗങ്ങളുടെ ഒരുത്തമ സുഹൃത്തായിരുന്ന അദ്ദേഹം അനീതിയെ നിശിതമായി

LIBRARY ARCHIVES Kerala Legislative Assembly

എതിർത്തിരുന്നു. തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയിൽ ഒന്നിലധികം പ്രാവശ്യം അംഗമായിരുന്ന അദ്ദേഹം തിരുവിതാംകൂർ സ്റ്റേറ്റ് കാൺഗ്രസിന്റെ ആരംഭകാല പ്രവർത്തകരിൽ ഒരാളായിരുന്നു.

ശ്രീ നാരായണ ധർമ്മ പരിപാലന യോഗത്തിന്റെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങൾ അലങ്കരിച്ച അദ്ദേഹം സമുദായത്തിനും രാജ്യത്തിനും നൽകിയ സേവനങ്ങൾ കൃതജ്ഞതാപൂർവ്വമല്ലാതെ സ്മരിക്കാൻ കഴിയുന്നതല്ല. പുരോഗമനാശയങ്ങളും ഉൽപ്പതിഷ്ണുതവും, വാക്കിലും പ്രവൃത്തിയിലും, ജീവിതത്തിന്റെ അവസാനഘട്ടം വരെയും പുലർത്തിപ്പോരാൻ കഴിഞ്ഞിട്ടുള്ള അപൂർവ്വം വ്യക്തികളിൽ ഒരാളായിരുന്നു ശ്രീ. കേശവൻ. യാതനാ നിർഭരവും ത്യാഗസുരഭിലവും ആയിരുന്നു അദ്ദേഹത്തിന്റെ ധന്യമായ ജീവിതം. ഒരു രാജ്യസഭാംഗം എന്ന നിലയിൽ പ്രശസ്ത സേവനം നടത്തിക്കൊണ്ടിരുന്ന അവസരത്തിലാണ് അദ്ദേഹത്തിന്റെ ആകസ്മികമായ വേർപാടുണ്ടായത്. അദ്ദേഹത്തിന്റെ വേർപാട് രാജ്യത്തിന് ഒരു തീരാനഷ്ടമാണ്.

ശ്രീ. ചിദംബരനാഥനാടാർ സ്വാതന്ത്ര്യസമരത്തിലെ ഒരു മുന്നണിപ്പടയാളിയായിട്ടാണ് രാഷ്ട്രീയത്തിലേയ്ക്കു കടന്നു വന്നത്. തിരുവിതാംകൂറിലും അതിനുശേഷം തിരു–കൊച്ചിയിലും നിയമ നിർമ്മാണ സഭകളിൽ അംഗമായിരുന്ന് 1948 മുതൽ 1956 വരെ അദ്ദേഹം പ്രശസ്ത സേവനം നടത്തിയിട്ടുണ്ട്. ഒന്നിലധികം പ്രാവശ്യം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള അദ്ദേഹം തിരുവിതാംകൂർ തമിഴ്നാടു കോൺഗ്രസിന്റെ സംഘാടകരിലൊരാളും ആ പാർട്ടിയുടെ നിയമസഭാ വിഭാഗത്തിന്റെ നേതാവുമായിരുന്നു. കുറച്ചുകാലം റവന്യൂ മന്ത്രിയായും അദ്ദേഹം സേവനം നടത്തിയിട്ടുണ്ട്. സംസ്ഥാന പുനഃസംഘടനയ്ക്കു ശേഷം തമിഴ് നാട് നിയമസഭാംഗമായി പ്രശസ്ത സേവനം നടത്തിവരുന്ന അവസരത്തിലാണ് അദ്ദേഹത്തിന്റെ വേർപാടുണ്ടായിരിക്കുന്നത്. പ്രാപ്തനും, പരിചയസമ്പന്നനുമായ പാർലമെന്റേറിയൻ, ഉജ്ജ്വലനായ ഒരു വാഗ്മി, സാഹസികനും ധീരനുമായ ഒരു രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ അദ്ദേഹം സർവാദരണീയനായിരുന്നു.

ഈ മഹാത്മാക്കളുടെ വേർപാടിൽ ഈ സഭയ്ക്കുള്ള ഖേദം രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കുമല്ലോ. ബഹുമാനപ്പെട്ട അംഗങ്ങൾ അൽപസമയം എഴുന്നേറ്റു നിന്നു മൗനമാചരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(The House stood in silence for a few minutes as a mark of respect to the memory of the departed).

ADJOURNMENT MOTIONS

Attack on Smt. K. R. Gouri at Thykkattusery, and the attack on Shri K. Chandrasekharan, M. P. at Kalavur.

മി. സ്പീക്കർ: ഈ മാസം 17–ാം തീയതി ഉച്ചതിരിഞ്ഞ് 3 മണിയോടുകൂടി തൈക്കാട്ടുശേരി കവലയിൽവച്ച് നൂറ്റൻപതിൽപ്പരം പേർ വരുന്ന ഒരു സംഘം ആളുകൾ മാരകായുധങ്ങളുമായി, ശ്രീമതി കെ. ആർ. ഗൗരി സഞ്ചരിച്ചിരുന്ന കാർ തടഞ്ഞുനിറുത്തുകയും ശ്രീമതി ഗൗരിയേയും കാറിലുണ്ടായിരുന്ന മറ്റൊരാളെയും ദേഹോപദ്രവമേൽപ്പിക്കുകയുംചെയ്തസംഭവത്തെത്തുടർന്നുണ്ടായ ഗുരുതരാവസ്ഥയെക്കുറിച്ചു ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനട

LIBRARY ARCHIVES Kerala Legislative Assembly